(3) ഹോസ്ദുർഗ്ഗ് താലൂക്കിലെ റവന്യൂ ടവറിന്റെ നിർമ്മാണം

ശ്രീ. എം. കുമാരൻ : കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ്ഗ് താലൂക്കിൽ റവന്യൂ ടവറിന്റെ ശിലാസ്ഥാപനം നടത്തിയത് 1995-ലാണ്. ആ മിനി സിവിൽ സ്റ്റേഷന്റെ തുടർന്നുള്ള ഒരു നടപടിക്രമവും ഇതുവരെ ആരംഭിച്ചിട്ടില്ല. അന്ന് ശിലാസ്ഥാപനം നടത്തിയ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി തന്നെയാണ് ഇന്ന് റവന്യൂ വകുപ്പിന്റെ ചുമതല വഹിക്കുന്നത്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ഈ സഭയ്ക്കകത്തും പുറത്തും അനുവദിക്കപ്പെട്ട റവന്യൂ ടവറിന്റെ പ്രവൃത്തി ആരംഭിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് കാസർഗോഡ് ജില്ലയുടെ പിന്നോക്കാവസ്ഥയും ഹോസ്ദുർഗ്ഗ് താലൂക്കിന്റെ പ്രാധാന്യവും ഉൾക്കൊണ്ടുകൊണ്ട് ഹോസ്ദുർഗ്ഗ് താലൂക്കിൽ അനുവദിക്കപ്പെട്ട റവന്യൂ ടവറിന്റെ പ്രവൃത്തി ഉടൻ ആരംഭിക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ഹോസ്ദുർഗ്ഗ് താലൂക്ക് ഓഫീസ് കോമ്പൗണ്ടിൽ റവന്യൂ ടവറുകൾ നിർമ്മിക്കുന്നതിന് തീരുമാനിച്ചത് 1995-ൽ പഴയ യു.ഡി.എഫ്. ഗവണ്മെന്റാണ്. എന്നാൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 7-4-1997-ലെ ഉത്തരവുപ്രകാരം പണി തുടങ്ങിയിട്ടില്ലാത്ത റവന്യൂ ടവർ പദ്ധതികൾ തുടരേണ്ടതില്ല എന്ന് അവർ തീരുമാനിക്കുകയും നിർത്തി വയ്ക്കുകയും ചെയ്തതാണ്. യു.ഡി.എഫ്. ഗവണ്മെന്റിന്റെ കുറ്റം കൊണ്ടല്ല. എൽ.ഡി.എഫ്. ഗവണ്മെന്റാണ് നിർത്തിവച്ചത്. ഏതായാലും ഈ ഗവണ്മെന്റ് വന്നതിനുശേഷം പുതിയ നയമെടുത്തിട്ടുണ്ട്. 6-2-2004-ലെ ഉത്തരവുപ്രകാരം റവന്യൂ ടവറിന്റെ പണി ആരംഭിക്കുന്നതിനുള്ള അനുവാദം വീണ്ടും മവന നിർമ്മാണ ബോർഡിന് നൽകിയിട്ടുണ്ട്. സ്ഥലത്തിന്റെ ലഭ്യതയുടെ അടിസ്ഥാനത്തിൽ പദ്ധതിയുടെ സാമ്പത്തിക അഭികാമ്യതകൂടി കണക്കിലെടുത്ത് റവന്യൂ ടവർ നിർമ്മിക്കുന്നതിനുള്ള നടപടികൾ ഉടൻതന്നെ എടുക്കുന്നതാണ്.

(4) റീ-സർവ്വേമൂലം കുഞ്ഞിത്തണ്ണി വില്ലേജുകളിൽ ഉളവായിട്ടുള്ള ബുദ്ധിമുട്ടുകൾ

ശ്രീ. കെ. കെ. ജയചന്ദ്രൻ : മേവിക്കുളം താലൂക്കിൽ റീ-സർവ്വേ നടന്നതുമായി ബന്ധപ്പെട്ട് കൃഷിക്കാരുടെ പട്ടയം വ്യാപകമായി നഷ്ടപ്പെട്ടിരിക്കുന്ന ഒരു സ്ഥിതി പൊതുവിൽ ഉണ്ടായിട്ടുണ്ട്. അതിൽ ഏറ്റവും ഗൗരവമായി ചൂണ്ടിക്കാണിക്കുന്നത് കുഞ്ഞിത്തണ്ണി വില്ലേജിൽ 7,000 പട്ടയമാണ് ഉണ്ടായിരുന്നത്. റീ-സർവ്വേയെല്ലാം കഴിഞ്ഞപ്പോൾ അത് 2,000 ആയി കുറഞ്ഞിരിക്കുകയാണ്. ഞാൻ താമസിക്കുന്ന ഭൂമിക്ക് എനിക്കിപ്പോൾ പട്ടയമില്ല. അതുകൊണ്ട് ഇതിന്റെ ഫലമായി 5,000 പട്ടയമാണ് ഇപ്പോൾ നഷ്ടപ്പെട്ടിരിക്കുന്നത്. ഈ ഭൂമിയുണ്ടായിരുന്ന ആളുകൾ ദേശസാൽകൃത ബാങ്കുകളിൽ നിന്നും സഹകരണ ബാങ്കുകളിൽ നിന്നും ലോണെടുത്തിട്ടുള്ളതാണ്. അത് വലിയൊരു സാമൂഹ്യ പ്രശ്നമായിത്തന്നെ വളർന്നുവന്നിരിക്കുകയാണ്. അതിൽ ഏറ്റവും പ്രധാന കാരണം 2 ഏക്കർ ഭൂമിയുള്ള ആളുകൾക്ക് ഭൂമി ഇല്ലാതായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

1 സെന്റുപോലും ഭൂമിയില്ലാത്ത ആളുകൾക്ക് അവരുടെ പേരിലെല്ലാം പട്ടയം വന്നിട്ടുണ്ട്. ഈ രൂപത്തിലുള്ള സ്ഥിതിയുണ്ട്. ഇത് ഉദ്യോഗസ്ഥന്മാരുടെ ഗൗരവമായ അനാസ്ഥ കൊണ്ട്, മനഃപൂർവ്വമായ അനാസ്ഥകൊണ്ട് സംഭവിക്കുന്നതാണ്. റോഡ് സൈഡിലുള്ള ഭൂമിയൊഴിച്ച് ബാക്കി ഉൾപ്രദേശത്തുപോയി സർവ്വേ നടത്താൻ തയ്യാറാകാതെ ഓഫീസിലിരുന്ന് സർവ്വേ ചെയ്തതിന്റെ ഫലമായിട്ടാണ് ഈ സ്ഥിതി ഉണ്ടായിരിക്കുന്നത്. അതുകൊണ്ട് ഇപ്പോൾ അവർ പറയുന്നത് 5,000–ലധികം വരുന്ന കൃഷിക്കാരോടും ദേവികുളം താലൂക്കാഫീസ്, എറണാകുളം ജില്ലയിലെ തൃക്കാക്കരയിലുള്ള റീ-സർവ്വേ ഓഫീസ്, ഇവിടെയൊക്കെയുള്ള കൃഷിക്കാർതന്നെ നേരിട്ടുചെന്ന് ഭൂമിയുടെ പ്ലാൻ എടുത്തുകൊണ്ടുവന്നുവെങ്കിൽ മാത്രമേ ഈ കാര്യം പരിശോധിക്കാൻ പറ്റൂ എന്ന നിലയിലാണ് പറയുന്നത്. ആയിരക്കണക്കിന് വരുന്ന കൃഷിക്കാർ എറണാകുളം ജില്ലയുടേയും, തൊട്ടടുത്ത ജില്ലകളുടേയും വിവിധ ഭാഗങ്ങളിൽപോയി രേഖകൾ സമ്പാദിക്കേണ്ട സ്ഥിതിയുണ്ട്. ഉദ്യോഗസ്ഥന്മാരുടെ മനഃപൂർവ്വമായ അനാസ്ഥയിൽനിന്ന് ഉണ്ടായിട്ടുള്ള ഈ സ്ഥിതിവിശേഷം നേരിടുന്നതിന് വിവിധ ഓഫീസുകളിലിരിക്കുന്ന രേഖകൾ ദേവികുളത്തുകൊണ്ടുവന്ന് കൃഷിക്കാർക്ക് പട്ടയം തിരികെ നൽകുന്നതിനുള്ള നടപടികൾ മന്ത്രിയുടെ ഭാഗത്തുനിന്ന് മുൻകൈയെടുത്ത് നടത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : ദേവികുളം താലൂക്കിലെ കുഞ്ചിത്തണ്ണി വില്ലേജിലെ റീ-സർവ്വേ പൂർത്തിയാക്കുകയും റിക്കാർഡ് റവന്യൂ വകുപ്പിലേയ്ക്ക് അയയ്ക്കുകയും ചെയ്തിട്ടുണ്ട്. പക്ഷെ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ചില അപാകതകൾ റീ-സർവ്വേയിൽ ഉണ്ടായിട്ടുണ്ട്. ഏതായാലും അതൊക്കെ ശരിയാക്കുന്നതിന് ഏകമാസ അദാലത്ത് നടത്തുകയാണ്. അതിൽവച്ച് ഇതെല്ലാം പരിഹരിക്കാൻ കഴിയും. അതിനുപുറമെ, ആളുകൾക്ക് ബുദ്ധിമുട്ടുണ്ടാകാതിരിക്കാൻ ഒരു ഇൻസ്ട്രക്ഷൻ കൂടി കൊടുത്തിട്ടുണ്ട്. അങ്ങനെ അദാലത്തിൽ പരാതിപ്പെടുന്നവരെ സംബന്ധിച്ചിടത്തോളം അവരുടെ മുൻതണ്ടപ്പേർ അനുസരിച്ച് കരം ഒടുക്കുന്നതിന് അവരെ അനുവദിക്കണമെന്ന് പറയുന്നുണ്ട്. അവരുടെ സ്ഥലത്തിൽ കുറവ് വന്നിട്ടുണ്ടെങ്കിലും പഴയ വിസ്തൃതിയനുസരിച്ച് പഴയ തണ്ടപ്പേരനുസരിച്ച് എത്ര വിസ്തൃതി സ്ഥലം അതിലുണ്ടോ അത്രയും വിസ്തൃതി സ്ഥലത്തിന് കരമൊടുക്കാൻ അനുവാദം നൽകിയിട്ടുണ്ട്. ഏതായാലും അദാലത്തിൽവച്ച് വന്നിട്ടുള്ള പിശകുകൾ തിരുത്താൻ കഴിയും.

(5) ചാത്തന്നൂർ സബ് ഡിപ്പോയിൽ നിലവിലുണ്ടായിരുന്ന ബസ് സർവ്വീസുകളുടേയും റൂട്ടുകളുടേയും എണ്ണം കുറച്ചതും പുതിയ ബസ്സുകൾ അനുവദിക്കാതിരിക്കുന്നതും സംബന്ധിച്ച്

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : സർ, എന്റെ നിയോജകമണ്ഡലത്തിലെ കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോയ്ക്ക് ഒരു ശനിദശ ബാധിച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി വലതുകാൽവച്ച് ഈ യു.ഡി.എഫ്. മന്ത്രിസഭയിലേയ്ക്ക് കടന്നുവന്നപ്പോൾ മന്ത്രിസഭയ്ക്ക് ശനിദശ തുടങ്ങി എന്നുപറഞ്ഞതുപോലെയാണ്.

LIBRARY ARCHIVES Kerala Legislative Assembly